# “നിങ്ങൾക്കാവുമെങ്കിൽ അവരെ തിരിച്ചു തല്ലിക്കോളൂ”



ജമാഅത്തെ ഇസ്‌ലാമി പശ്ചിമ ബംഗാൾ ഘടകം പൊളിറ്റിക്കൽ സെക്രട്ടറിയും ശൂറാ മെമ്പറുമായ അബ്ദുൽ അസീസ് മുണ്ടോൾ കഴിഞ്ഞ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിലെ അനുഭവങ്ങൾ പങ്കുവെക്കുന്നു.
തയാറാക്കിയത്: പി.പി അബ്ദുർറഹ്മാൻ കൊടിയത്തൂർ

■ പശ്ചിമ ബംഗാളിലെ കഴിഞ്ഞ ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ജമാഅത്തെ ഇസ്‌ലാമിയുടെ നിലപാട് എന്തായിരുന്നു?

▸ കഴിഞ്ഞ ലോക്സഭാ നിയമസഭാ തെരഞ്ഞെടുപ്പുകളിൽനിന്ന് വ്യത്യസ്തമായി നന്ദിഗ്രാമിന്റെ പശ്ചാത്തലത്തിൽ മുസ്‌ലിം മനസ്സ് ഇടതുപക്ഷത്തിന്, പ്രത്യേകിച്ച് സി.പി.എമ്മിന് എതിരായിരുന്നതിനാലും ത്രിതല പഞ്ചായത്തുകളിൽ അഴിമതിയും സ്വജന പക്ഷപാതവും കൊടികുത്തിവാഴുന്നതിനാലും സി.പി.എം വിരുദ്ധ നിലപാടാണ് പശ്ചിമബംഗാളിൽ ജമാഅത്ത് സ്വീകരിച്ചത്. ജംഇയ്യത്തുൽ ഉലമായെ ഹിന്ദിന്റെ നിലപാടും ഏറക്കുറെ ഇതു തന്നെയായിരുന്നു. മുസ്‌ലിംകൾക്ക് ഭൂരിപക്ഷമുള്ള പഞ്ചായത്തുകളിൽ സ്വതന്ത്ര സ്ഥാനാർഥികളെ നിർത്തി മത്സരിക്കാനും കോൺഗ്രസ്സുമായി ധാരണയുണ്ടാക്കാനും രണ്ട് സംഘടനകളും തീരുമാനിച്ചിരുന്നു.

■ എത്ര സീറ്റുകളിലാണ് ജമാഅത്ത് പിന്തുണയോടെ സ്വതന്ത്ര സ്ഥാനാർഥികൾ മത്സരിച്ചത്? എന്തായിരുന്നു പ്രകടന പത്രിക?

▸ ജമാഅത്തിന്റെ ബാനറിലല്ലെങ്കിലും മുർഷിദാബാദ്, മാൽഡ, ഹൗറ, 24 പർഗാനാസ് എന്നീ ജില്ലകളിലായി 121 സ്ഥാനാർഥികളാണ് ജമാഅത്തിന്റെ പിന്തുണയോടെ മത്സരരംഗത്തുണ്ടായിരുന്നത്. അവരിൽ ഏറെപ്പേരും ജമാഅത്ത് പ്രവർത്തകർ(കാർകുൻ) തന്നെയായിരുന്നു.

പഞ്ചായത്തുകളിലും കോർപറേഷനുകളിലുമൊക്കെ അഴിമതിയും സ്വജനപക്ഷപാതവുമാണ് ബംഗാളിലെങ്ങും കാണാനാവുക. മിക്ക പദ്ധതികളുടെയും ഗുണഭോക്താക്കൾ പാർട്ടിക്കാരും അവരുടെ കുടുംബങ്ങളുമാണ്. ഉദാഹരണമായി എന്റെ ഗ്രാമപഞ്ചായത്തായ സദാലിൽ കേന്ദ്ര തൊഴിലുറപ്പ് പദ്ധതിപ്രകാരം ജോലി ലഭിക്കുന്നത് സി.ഐ.ടി.യു വിഭാഗക്കാർക്ക് മാത്രമാണ്. ഇതിനെതിരെ പ്രതികരിച്ചപ്പോൾ ചിലർക്കൊക്കെ ജോലി നൽകിയെങ്കിലും 75 രൂപക്ക് പകരം 60-65 രൂപ മാത്രമാണ് കൂലിയായി കൊടുത്തത്. ഇന്ദിരാ ആവാസ് യോജന, അന്നപൂർണ തുടങ്ങിയ കേന്ദ്ര പദ്ധതികളൊക്കെയും ബംഗാളിലെ ഗ്രാമപഞ്ചായത്തുകളിലെത്തുമ്പോൾ പാർട്ടി പദ്ധതികളായി മാറുകയാണ്. ഇതിനെതിരെ പ്രതികരിക്കുകയും ഗ്രാമപഞ്ചായത്ത് ഓഫീസ് ഉപരോധിക്കുകയും ചെയ്തതോടെ ഞാനടക്കമുള്ളവർ സി.പി.എമ്മിന്റെ കണ്ണിലെ കരടുകളാവുകയായിരുന്നു.

കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഗ്രാമപഞ്ചായത്തിലെ 17 സീറ്റുകളിൽ 14ഉം നേടി ഭരണത്തിലേറിയ സി.പി.എമ്മിനെതിരെ അതിശക്തമായ ജനരോഷമുയർന്നപ്പോൾ അവർ തങ്ങളുടെ കുന്തമുന തിരിച്ചുവെച്ചത് ജമാഅത്തിനെതിരെ മാത്രമായിരുന്നു. അഴിമതിരഹിതവും, വിദ്യാഭ്യാസ ആരോഗ്യ ശുചിത്വ കാര്യങ്ങളിൽ സത്വര ശ്രദ്ധയൂന്നുന്നതുമായ ഭരണമായിരുന്നു ജമാഅത്ത് വാഗ്ദാനം ചെയ്തത്. ഗ്രാമപഞ്ചായത്തിന്റെ സിരാകേന്ദ്രമായ ശങ്കർപൂർ-ജഹാംഗീർപൂർ ഇരട്ട ഗ്രാമത്തിൽ 16,000 ലേറെയാണ് ജനസംഖ്യ. പക്ഷേ, ഇവിടെ ഒരു പ്രാഥമികാരോഗ്യകേന്ദ്രം പോലുമില്ല. ആകെയുള്ളത് ഒരു ഗവ. എൽ.പി.സ്കൂൾ മാത്രമാണ്. റോഡുകളോ ഗതാഗത സൗകര്യങ്ങളോ ഇല്ല. ശുദ്ധജലം ലഭ്യമല്ല. സ്ത്രീകൾക്ക് പോലും സാനിറ്റേഷൻ സൗകര്യമില്ല. എം.എൽ.എ, എം.പി ഫണ്ടുകളെപ്പറ്റി ജനങ്ങൾക്ക് അറിയുക പോലുമില്ല. ഇതുതന്നെയാണ് ബംഗാളിലെ പിന്നാക്ക ജാതിക്കാരും മുസ്‌ലിംകളും അധിവസിക്കുന്ന മിക്ക ഗ്രാമങ്ങളുടെയും അവസ്ഥ.

■ ഇതിനെതിരെ ജമാഅത്ത് ക്രിയാത്മക മായി എന്തുചെയ്തു?

▸ ഗവൺമെന്റിനും ഗ്രാമപഞ്ചായത്തുകൾക്കും മാത്രം ചെയ്യാൻ സാധിക്കുന്ന ഭാരിച്ച സാമ്പത്തിക ചെലവുള്ള കാര്യങ്ങളാണല്ലോ ഇതൊക്കെ. വിഭവങ്ങളില്ലാത്ത, ബഹുജനാടിത്തറയില്ലാത്ത പ്രസ്ഥാനത്തിന് എന്താണ് ചെയ്യാൻ കഴിയുക? ഗ്രാമത്തിലെ ജനങ്ങളെ ശുചിത്വബോധമുള്ളവരാക്കാനാണ് ആദ്യം ശ്രമിച്ചത്. സ്ത്രീകൾക്കായി പൊതുകക്കൂസുകൾ ഉണ്ടാക്കി. നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു സ്കൂൾ സ്ഥാപിച്ചു. തൊഴിൽ രഹിതരായ 35 ചെറുപ്പക്കാർക്ക് സൈക്കിൾ റിക്ഷകൾ നൽകി. 20 കുടുംബങ്ങൾക്ക് ഒരെണ്ണം വീതം പന്ത്രണ്ട് കുഴൽകിണറുകൾ ഉണ്ടാക്കിക്കൊടുത്തു. ഇതിനൊക്കെയുള്ള ഫണ്ടിന്റെ 90 ശതമാനം ലഭിച്ചത് കേരളത്തിൽനിന്നാണ് എന്നത് കൃതജ്ഞതയോടെ ഓർക്കുകയാണ്. ഗ്രാമത്തിലെ നൂറോളം യുവാക്കൾ ഇപ്പോൾ കേരളത്തിൽ ജോലിചെയ്തുവരുന്നു. അവർക്ക് വീടിന്റെയും മറ്റു പ്രാഥമിക സൗകര്യങ്ങളുടെയും സ്വപ്നം സാക്ഷാത്കരിക്കാൻ സാധിക്കുന്നതും ഇവിടെ വന്നതിനു ശേഷമാണ്. സാധാരണ രാഷ്ട്രീയക്കാരുടെ അധരസേവനമല്ല ആവുന്നത്ര സാധാരണക്കാരെ ഉയർത്തിക്കൊണ്ടുവരാനാണ് ഇസ്‌ലാമിക പ്രസ്ഥാനം ശ്രമിക്കുന്നത്.

■ തെരഞ്ഞെടുപ്പിലെ പ്രകടനം എങ്ങനെയായിരുന്നു?

▸ എന്റെ ഗ്രാമപഞ്ചായത്തിൽ ഇപ്പോൾ 14 വാർഡുകളാണുള്ളത്. 90 ശതമാനത്തിലേറെ മുസ്‌ലിംകളും ബാക്കി പിന്നാക്ക ജാതിക്കാരുമാണ്. സി.പി.എമ്മിനെതിരെ കോൺഗ്രസ്സുമായി മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ സഖ്യമുണ്ടാക്കി 7 വീതം സീറ്റുകളിൽ മത്സരിച്ചു. തെരഞ്ഞെടുപ്പിന് ആഴ്ചകൾക്ക് മുമ്പ് നടന്ന പഞ്ചായത്ത് ഓഫീസ് മാർച്ചിൽ നിരവധി പേർ പങ്കെടുത്തിരുന്നു. അതിൽ രോഷാകുലരായ സി.പി.എമ്മുകാർ പലപ്പോഴും ആക്രമണങ്ങൾ അഴിച്ചുവിട്ടു. ഒരു മാസം മുമ്പ് മൗണ്ടി ഹിറാ സ്കൂളിൽനിന്ന് രാത്രി വീട്ടിലേക്ക് നടന്നുപോകവെ ഇരുപതിലേറെ പേർ ചേർന്ന് എന്നെ അടിച്ചു വീഴ്ത്തി മർദിച്ചു. കാലിന്റെ എല്ലൊടിഞ്ഞു. ആഴ്ചകളോളം ആശുപത്രിയിലും പിന്നെ ഗ്രാമത്തിനു പുറത്ത് ഭാര്യാവീട്ടിലും താമസിക്കേണ്ടിവന്നു. പ്രസ്ഥാന പ്രവർത്തകരെ മാനസികമായി തകർക്കാനും നോമിനേഷൻ കൊടുക്കാതിരിക്കാനുമുള്ള തന്ത്രമായിരുന്നു ഇത്. നോമിനേഷൻ നൽകിയ ദിവസം ആയിരത്തിലേറെ പേരുടെ പ്രകടനവും പൊതുയോഗവും ശങ്കർപൂരിൽ നടന്നതോടെ സംഭവം സംസ്ഥാനതലത്തിൽതന്നെ ചർച്ചാവിഷയമായി. എങ്ങനെയെങ്കിലും പുതിയ നീക്കങ്ങൾ മുളയിലേ നുള്ളണമെന്ന് അവർ തീരുമാനിച്ചു. നമ്മോട് സഹകരിച്ചിരുന്ന ചിലരെ ഗ്രാമപ്രമുഖ് സ്ഥാനവും മറ്റും വാഗ്ദാനം ചെയ്തു അവർ കൂടെക്കൂട്ടി. എന്റെ പിതൃസഹോദരനെയാണ് എനിക്കെതിരെ അവർ പ്രസിഡന്റ് സ്ഥാനാർഥിയാക്കിയത്. പോലീസ് ഓഫീസർക്കും ബ്ലോക്ക് ഓഫീസർക്കും ലക്ഷങ്ങൾ നൽകിയാണ് കൂടെകൂട്ടിയതെന്ന്, പിന്നീട് ഗ്രാമപ്രമുഖിന്റെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ആരോപണ പ്രത്യാരോപണങ്ങളുടെ ഭാഗമായി അവർ തന്നെ വെളിപ്പെടുത്തുകയുണ്ടായി.

പോളിംഗ് ദിവസം രാവിലെ 7 മണിക്കുമുമ്പായി ഞങ്ങളുടെ പ്രവർത്തകർ ബൂത്തിലെത്തി. വോട്ടിംഗ് സമാധാനപരമായി നടന്നുകൊണ്ടിരുന്നു. എന്നാൽ അരമണിക്കൂറിനകം ബൂത്തിന് പുറത്ത് തടിച്ചുകൂടിയ സി.പി.എം പ്രവർത്തകർ നാടൻ ബോംബെറിഞ്ഞ് ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയും ക്യൂവിൽനിന്നവരെ വിരട്ടിയോടിക്കുകയും ചെയ്തു. ബൂത്തിലേക്ക് വന്നവരെ ഇരുപത്തഞ്ചോളം പേർ തോക്കുകളുമായി തിരിച്ചോടിച്ചു. പോലീസുകാർ കാഴ്ചക്കാരായി നോക്കിനിൽക്കെ, ബൂത്തിലേക്ക് കടന്നുവന്ന പ്രാദേശിക നേതാക്കൾ പ്രിസൈഡിംഗ് ഓഫീസറോട് ബാലറ്റുപേപ്പറുകൾ വാങ്ങി തങ്ങളുടെ പാർട്ടി ചിഹ്നത്തിൽ വോട്ടുചെയ്തു പെട്ടിയിലിട്ടു. ഞങ്ങളുടെ ഏജന്റുമാർ പോലീസ് ഓഫീസറുമായി ബന്ധപ്പെട്ടെങ്കിലും 'നിങ്ങൾക്കാവുമെങ്കിൽ അവരെ തിരിച്ചു തല്ലിക്കോളൂ' എന്നായിരുന്നു മറുപടി. കോൺഗ്രസ് നേതാക്കൾ പോലും യാതൊരു പിന്തുണയും നൽകിയില്ലെന്നു മാത്രമല്ല ബ്ലോക് നേതാവിന്റെ പ്രതികരണം 'ഇവിടെ രാഷ്ട്രീയ പാർട്ടികൾ മത്സരിച്ചാൽ മതി, മതസംഘടനകൾ പള്ളിക്കാര്യം നോക്കട്ടെ' എന്നായിരുന്നു. ഈ ഇരട്ടത്താപ്പിന്റെ ഫലം അവർക്ക് കിട്ടുകയും ചെയ്തു. മുർഷിദാബാദ് ജില്ലാ പരിഷത്തിൽ 31 സീറ്റുകൾ സി.പി.എമ്മിനും 30 സീറ്റുകൾ കോൺഗ്രസ്സിനും ലഭിച്ചു. ജമാഅത്തിനോട് സഹകരിച്ചു പ്രവർത്തിച്ചിരുന്നുവെങ്കിൽ സാദൽ പഞ്ചായത്തിൽ രണ്ടോ മൂന്നോ സീറ്റുകൾ കൂടി കോൺഗ്രസിന് ലഭിക്കുമായിരുന്നു; അതോടൊപ്പം ജില്ലാ പരിഷത്ത് ഭരണവും. ഞങ്ങളുടെ ബ്ലോക്ക് പഞ്ചായത്തായ ഖേർഗ്രാമിൽ 13 സീറ്റുകൾ നേടി കോൺഗ്രസാണ് ഭരിക്കുന്നത്. സി.പി.എമ്മിന് 8 സീറ്റുകളേ നേടാനായുള്ളൂ.

■ തെരഞ്ഞെടുപ്പിന് ശേഷമുള്ള ജനങ്ങളുടെ പ്രതികരണം?

▸ ഗ്രാമപഞ്ചായത്ത് യോഗങ്ങളിൽ പ്രതിപക്ഷമില്ലെങ്കിലും പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും പ്രതിപക്ഷത്താണെന്നത് അവരുടെ ഉറക്കം കെടുത്തുന്നു. മുമ്പത്തെപ്പോലെ അഴിമതി നടത്താനും പദ്ധതികളുടെ പണം പിടുങ്ങാനും ഇനി സമ്മതിക്കില്ലെന്ന ദൃഢപ്രതിജ്ഞ ചെയ്തിരിക്കുകയാണ് ബഹുജനം. ഒപ്പം സി.പി.എമ്മിന്റെ തൊഴുത്തിൽ കുത്തും അധികാര വടംവലിയും മുമ്പത്തെപ്പോലെ അഴിമതി നടത്താൻ പറ്റാത്ത സ്ഥിതി സംജാതമാക്കിയിരിക്കുന്നു. ഗ്രാമപ്രമുഖ് സ്ഥാനം നൽകാമെന്ന് പറഞ്ഞാണ് അഹ്‌ലെ ഹദീസിന്റെ പ്രാദേശിക നേതാവായ ഹാജി അമീറുദ്ദീനെയും മത്സരിപ്പിച്ചത്. എന്നാൽ എന്റെ പിതൃസഹോദരനായ അസീമുൽ ഇസ്‌ലാമിനെ മത്സരിപ്പിച്ച് കുടുംബ വോട്ടുകൾ നേടുക എന്നതായിരുന്നു പാർട്ടി തന്ത്രം. അവർ പരസ്പരം തോൽപിക്കാൻ കാലുവാരുകയും എതിരാളികൾക്ക് വോട്ട് ചെയ്യാനായി 200-ഓളം പേർക്ക് പണം നൽകുകയും ചെയ്തിരുന്നു. പക്ഷേ, ബൂത്ത് കൈയേറ്റത്തിലൂടെ രണ്ടുപേരും വിജയിക്കുകയും ഗ്രാമപ്രമുഖ് സ്ഥാനത്തിനായി കലഹിക്കുകയും ചെയ്തു. 'സ്വന്തം സഹോദര പുത്രനെ വരെ തല്ലിച്ചതക്കുകയും കുടുംബത്തെ പിളർത്തുകയും ചെയ്ത എനിക്ക് നീയൊരു വിലങ്ങുതടിയാവില്ലെ'ന്ന് പ്രഖ്യാപിച്ചുകൊണ്ട് തോക്കിന്റെ പിൻബലത്തോടെയാണ് അസീമുൽ ഇസ്‌ലാം പ്രസിഡന്റായത്.

■ ഭാവിപ്രവർത്തനങ്ങൾ?

▸ നന്നായി ഗൃഹപാഠം ചെയ്തതിന് ശേഷം മാത്രമേ സജീവ രാഷ്ട്രീയ പ്രവർത്തനം നടത്താവൂ എന്നതാണ് ലഭിച്ച പാഠം. എന്നാൽ രാഷ്ട്രീയക്കാരുടെ കുത്സിത തന്ത്രങ്ങൾ തന്നെ ഇസ്‌ലാമിക പ്രസ്ഥാനവും സ്വീകരിക്കണമെന്നല്ല ഞാൻ ഉദ്ദേശിച്ചത്. അടിസ്ഥാന വർഗത്തിന്റെ ആവശ്യങ്ങൾ നിവർത്തിച്ചു കൊടുക്കാനും അവരുടെ ഉന്നമനത്തിനായി പ്രവർത്തിക്കാനും സാധിക്കുമെങ്കിൽ ഭാവിയിൽ രാഷ്ട്രീയക്കാരുടെ കുതന്ത്രങ്ങൾ വിലപ്പോവില്ലെന്ന് തന്നെയാണ് ഞങ്ങളുടെ ഉറച്ച വിശ്വാസം. ■